**സുഭാഷ് പാലേക്കറുടെ സീറോ ബജറ്റ് നാച്വറൽ ഫാമിംഗ് രീതിയിൽ കൃഷി ചെയ്യുമ്പോളുണ്ടായ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് കാർഷികമേഖല നേരിടുന്ന പ്രതിസന്ധികൾ വിവരിക്കുന്നു**

**കരീം.കെ. പുറം**


# എന്തുകൊണ്ട് നാൽപത്?

സ്കൂൾ വിദ്യാഭ്യാസകാലത്ത് ഭാവിയിൽ ആരായിതീരണം എന്ന അദ്ധ്യാപകരുടെ ചോദ്യത്തിന് ഒരു കർഷകനായിത്തീരണം എന്ന മറുപടിയാണ് ഞാൻ കൊടുത്തിരുന്നതെന്നോർക്കുമ്പോൾ ഇന്നഭിമാനം തോന്നുന്നു. എന്നിട്ടും ഒരു കൃഷിക്കാരനായി തീരാൻ അവസരമുണ്ടായത് കഴിഞ്ഞ വർഷം മാത്രമാണ്. എന്തായാലും കഴിഞ്ഞ വർഷത്തെപോലെ ഈ വർഷവും നെൽകൃഷി ചെയ്യാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം നെൽകൃഷിയിൽ എനിക്കൊരു പങ്കാരനുണ്ടായിരുന്നതുകൊണ്ട് 90% ജൈവവളവും 10 % രാസവളവും ചേർത്താണ് കൃഷി നടത്തിയത്. എന്നാൽ യാതൊരുവിധകീടനാശിനികളും ഉപയോഗിച്ചിരുന്നില്ല. നെൽകൃഷിയിൽ മുൻ അനുഭവങ്ങളൊന്നും ഇല്ലാതിരുന്നതുകൊണ്ടാണ് ഒരു പങ്കുകാരനെ കഴിഞ്ഞവർഷം കൂടെകൂട്ടിയത്. എന്നാൽ കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന കൃഷിവകുപ്പുകാരുടെ നിർദ്ദേശം സ്വീകരിച്ചിരുന്ന ആളായിരുന്നതിനാൽ രാസവളം ചേർക്കാത്ത ഒരു കൃഷിയെക്കുറിച്ച് ചിന്തിക്കാൻ കൂടി അദ്ദേഹത്തിന് സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ ഞാൻ നിസ്സഹായനായി. ഒറ്റക്ക് കൃഷി നടത്താനുള്ള മാനസിക ധൈര്യം എനിക്കന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഇത്തവണ കൃഷിനടത്തണമെന്ന് ഞാനാഗ്രഹിച്ചില്ല.

കൃഷിയോടുള്ള അടങ്ങാത്ത അഭിനിവേശവും കേരളജൈവകർഷക സമിതിയുടെ ഒരു പ്രവർത്തകൻ എന്ന നിലയിൽ കൃഷിചെയ്യാതെ നടക്കുന്നതിലുള്ള നിരാശയും എന്നെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്ന അവസരത്തിലാണ് എന്റെ അയൽഗ്രാമമായ അഷ്ടമിച്ചിറയിൽ സീറോ ബജറ്റ് നാചറൽ ഫാമിംഗ് എന്ന കൃഷിരീതിയെക്കുറിച്ച് ഒരു ശില്പശാല സംഘടിപ്പിക്കുന്നതായറിഞ്ഞത്. സുഭാഷ് പാലേക്കർ അദ്ദേഹം വിഭാവനം ചെയ്ത ഈ കൃഷിരീതിയെക്കുറിച്ച് നാല് ദിവസം ക്ലാസ്സെടുത്തു. ഈ ശില്പശാലയിൽ പങ്കെടുത്തപ്പോൾ എനിക്ക് കൃഷിചെയ്യാനുള്ള ആത്മവിശ്വാസം കൈവന്നു. ഇത്തവണ ഈ രീതിയിൽ നെൽകൃഷി ചെയ്യാം എന്ന ആത്മവിശ്വാസവുമായി ഞാൻ അഷ്ടമിച്ചിറയിൽ നിന്നും പുത്തൻചിറയിൽ തിരിച്ചെത്തി.

സീറോബജറ്റ് നാചറൽ ഫാമിംഗ് രീതി ആദ്യമായി ചെയ്യുമ്പോൾ നിലം ഉഴുതേണ്ടതുണ്ടായിരുന്നു. രണ്ടര ഏക്കർ നിലം ഉഴുതതിന് രണ്ട് പ്രാവശ്യമായി ആകെ പതിനായിരം രൂപ ചിലവ് വന്നു. നിലത്തിന് വരമ്പ് കിളക്കുന്നതിനും വിത്തിനും, വിത്ത് മുളപ്പിക്കുന്നതിനും, വിത്ത് വിതയ്ക്കുന്നതിനുമെല്ലാമായി അയ്യായിരത്തോളം രൂപ ചിലവായി. വിത്ത് വിതച്ചത് പലയിടത്തും മുളച്ചിരുന്നില്ല. ട്രാക്ടർ ഓടിച്ചിരുന്ന ആളുടെ പരിചയക്കുറവ് മൂലം പാടത്ത് അങ്ങിങ്ങായി പ്രത്യക്ഷപ്പെട്ട കുഴികളിലാണ് വിത്തുകൾ മുളയ്ക്കാതിരുന്നത്. അവിടേയ്ക്ക് പാഴ്കുത്തുക ( മുളയ്ക്കാത്തിടത്തേയ്ക്ക് പറിച്ചു നടൽ) പുല്ല് പറിച്ച്കളയുക (കള പറിക്കൽ) എന്നിവയ്ക്ക് അയ്യായിരം രൂപയോളം ചിലവ് വന്നു. കൃഷിയിൽ പാരമ്പര്യമായ അനുഭവങ്ങളൊന്നും ഇല്ലാത്തതുകൊണ്ടാണ് ചിലവുകൾ വർദ്ധിക്കാനിടയായതെന്നെനിക്ക് ബോദ്ധ്യമുണ്ടെങ്കിലും മറ്റ് നിർവ്വാഹമില്ലായിരുന്നു. സീറോ ബജറ്റ് നാചറൽ ഫാമിംഗ് രീതി ഉപയോഗിച്ച് ജീവാമൃതം മാത്രമാണ് നെൽച്ചെടികൾക്ക് ഭക്ഷണമായി കൊടുത്തുകൊണ്ടിരിക്കുന്നത്. അതിനായി നാൽപത് കിലോ ചാണകവും നാൽപത് ലിറ്റർ മൂത്രവും എട്ട് കിലോ പയർപൊടിയും എട്ട് കിലോ ശർക്കരയുമാണ് എനിക്ക് ചിലവ് വന്നത്. സ്വന്തമായി ഒരു നാടൻ പശു എനിക്കില്ലാത്തതിരുന്നതുകൊണ്ട് എന്റെ ഗ്രാമത്തിൽ നിന്നും, പന്ത്രണ്ട് കിലോമീറ്റർ അകലെയുള്ള ആചാര്യ വിനയ കൃഷ്ണയുടെ തൊഴുത്തിൽ നിന്നാണ് ഞാൻ ചാണകവും മൂത്രവും കൊണ്ടുവന്നിരുന്നത്. അതിന് എന്റെ സൈക്കിളിന്റെ കാരിയർ ഉപയോഗപ്പെട്ടതുകൊണ്ട് ആ വകയിൽ പ്രത്യേക ചിലവുകൾ വന്നില്ല. ജീവാമൃതം ഉപയോഗിച്ചുകൊണ്ടിരുന്നപ്പോൾ എനിക്ക് വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. ഈ വർഷം മഴ നിർത്താതെ പെയ്തിരുന്നു. ജീവാമൃതം തളിക്കുമ്പോൾ എപ്പോഴും രണ്ട് പണിക്കാർ കൂട്ടുണ്ടായിരുന്നു. അവർ വരമ്പിലൂടെ ബക്കറ്റിലാക്കി എത്തിക്കുന്ന ജീവാമൃതം ഞാൻ കപ്പിലെടുത്ത് പാടത്തേക്ക് വീശിയെറിയുന്ന രീതിയാണവലംബിച്ചിരുന്നത്. നാല് പ്രാവശ്യം ഞാൻ ജീവാമൃതം തളിച്ചു. ഇതിനിടയിൽ ഓലചുരുട്ടിപുഴുവിന്റെ ആക്രമണം തുടക്കത്തിലുണ്ടായപ്പോൾ കർഷക സമിതി സംസ്ഥാന പ്രസിഡണ്ട് ജോസഫ് വടക്കൂട്ടിന്റെ നിർദ്ദേശപ്രകാരം അണ്ടിനെയ് ഒരു ലിറ്ററിന് നൂറ് ലിറ്റർ വെള്ളം ചേർത്ത് തളിച്ചു. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം പിന്നീട് ഉണ്ടായില്ല. ഡിസംബർ ഒന്നിന് കതിരുകൾ നിരന്നു. ജീവാമൃതം തെളിച്ചാൽ നെല്ലിന് കതിരുവരും എന്ന് എനിക്ക് ബോദ്ധ്യമായി. സത്യം പറഞ്ഞാൽ  കതിര് നിരന്ന പാടത്ത് നോക്കി നിൽക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദമാണഅ നെൽകൃഷിയുടെ ഏറ്റവും വലിയ ലാഭം.

അഷ്ടമിച്ചിറയിലെ ശില്പശാലക്ക് ഏറ്റവും കൂടുതൽ കവറേജ് കൊടുത്തിരുന്നത് മാതൃഭൂമി പത്രമായിരുന്നു. മാതൃഭൂമിയുടെ മാള ലേഖകൻ മുരളി മാഷോട് സീറോബജറ്റ് നേചറൽ ഫാമിംഗ് രീതിയിൽ കൃഷിചെയ്ത എന്റെ പാടത്തെത്തി അതിന്റെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. കൂടാതെ, കേരള കൗമുദി, മാധ്യമം, മാളവിഷൻ, സൂര്യ എന്നീ മാധ്യമ സുഹൃത്തുക്കളും ഈ കൃഷിയെക്കുറിച്ച് റിപ്പോർട്ട് ചെയ്തു. പത്രവാർത്തകളെ തുടർന്ന് ആകാശവാണി പ്രത്യേകം വിവരങ്ങൾ ചോദിച്ചറിയുകയും അത് 'സമകാലിക' ത്തിൽ പ്രക്ഷേപണം ചെയ്യുകയും





**സീറോ ബജറ്റ് നാച്വറൽ ഫാമിംഗ് രീതി ഉപയോഗിച്ച് ജീവാമൃതം മാത്രമാണ് നെൽച്ചെടികൾക്ക് ഭക്ഷണമായി കൊടുത്തുകൊണ്ടിരിക്കുന്നത്. അതിനായി നാൽപത് കിലോ ചാണകവും നാൽപത് ലിറ്റർ മൂത്രവും എട്ട് കിലോ പയർപൊടിയും എട്ട് കിലോ ശർക്കരയുമാണ് എനിക്ക് ചിലവ് വന്നത്. സ്വന്തമായി ഒരു നാടൻ പശു എനിക്കില്ലാത്തതിരുന്നതുകൊണ്ട് എന്റെ ഗ്രാമത്തിൽ നിന്നും, പന്ത്രണ്ട് കിലോമീറ്റർ അകലെയുള്ള ആചാര്യ വിനയകൃഷ്ണയുടെ തൊഴുത്തിൽ നിന്നാണ് ഞാൻ ചാണകവും മൂത്രവും കൊണ്ടുവന്നിരുന്നത്.**

ചെയ്തു. കാർഷിക സർവ്വകലാശാല യിൽ നിന്നും ഒരു പ്രൊഫസർ എന്റെ കൃഷിയിടം സന്ദർശിച്ച് ചില നിർദ്ദേശങ്ങൾ തന്നപ്പോൾ ഞാനയാളോട് നിങ്ങളുടെ രീതികൾ നിങ്ങളുടെ സർവ്വകലാശാലയിൽ പരീക്ഷിച്ചാൽ മതിയെന്നും ഞങ്ങളെ പഠിപ്പിക്കാൻ നിങ്ങൾ വളർന്നിട്ടില്ലെന്നും പറഞ്ഞു. നിങ്ങൾ നാടിന്റെ കാർഷിക സമ്പദ് വ്യവസ്ഥിതിയെ തകർക്കുമെന്ന് ശപിച്ചിട്ടാണ് ആ പാവം പ്രൊഫസർ ഇവിടെ നിന്നും പോയത്. ഒരു കർഷകനിൽ നിന്നും സാറേ വിളിക്കാതെയുള്ള, മുണ്ട ഴിച്ചിട്ട് ഭവ്യതയോടെ നിൽക്കാതെയുള്ള സമീപനം അയാൾ ആദ്യമായിട്ടാണ് കണ്ടതെന്ന് തോന്നുന്നു.

അഞ്ചൂറേക്കർ ഭൂമിയുണ്ടായിട്ടും കഞ്ഞിവെക്കാൻ അരി മാർക്കറ്റിൽ നിന്ന് വാങ്ങുന്ന ഈ സർവ്വകലാശാലക്കാർ കർഷകരെ ഉപദേശിക്കാൻ വന്നാൽ ചൂലുംകെട്ടെടുത്ത് അടിച്ചോടിക്കാമെന്നാണെന്റെ അഭിപ്രായം. മനസ്സിലിരുപ്പതാണെങ്കിലും കേരളീയന്റെ ആതിഥ്യമര്യാദ അതിൽ നിന്നെന്നെ വിലക്കി. കാർഷിക മേഖല തകർന്നത് കൃഷിക്കാർ ഇവരുടെ വാക്ക് കേട്ടതുകൊണ്ടാണ്. കാർഷിക സർവ്വകലാശാലക്കാരൻ കൃഷി പുസ്തകത്തിൽ ചെയ്യുമ്പോൾ കർഷകൻ കൃഷി പാടത്ത് ചെയ്യുന്നു.

സീറോ ബജറ്റ് നാചറൽ ഫാമിംഗ് രീതിയിൽ ചിലവുകൾ സീറോ ആകണമെങ്കിൽ ഇനിയും ഒരുപാട് ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. അതിലേക്ക് പടിപടിയായി എത്തിച്ചേരുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. നെല്ല് കൊയ്തെടുക്കുകയെന്ന ശ്രമകരമായ ഉദ്യമത്തിന് ആളെ കിട്ടണമെങ്കിൽ സർക്കാർ നയമുണ്ടാകണം. തൊഴിലുറപ്പ് പദ്ധതിയെ കൊയ്ത്തുസീസൻ മുഴുവൻ ഇതിലേക്ക് തിരിച്ചുവിടണം. വിളവെടുപ്പിന്, അദ്ധ്യാപകരും സർക്കാർ ജീവനക്കാരും പെൻഷൻ പറ്റുന്നവരും വിദ്യാർത്ഥിയുമടങ്ങുന്ന സർക്കാർ ആനുകൂല്യം പറ്റുന്ന മുഴുവൻ പേരും ഒരു നിശ്ചിത സമയം ജോലി ചെയ്തിരിക്കണം എന്ന് സർക്കാർ നയം ഉണ്ടായി വരണം. അതുവരെ കർഷകൻ കൃഷി ചെയ്യാൻ വിമുഖത കാട്ടും. നാട്ടിൽഭക്ഷ്യക്ഷാമം രൂക്ഷമാകും.

എനിക്ക് കൊയ്യാൻ യന്ത്രം കിട്ടി. നിരവധി ദിവസത്തെ യാത്രകൊണ്ടാണ് മാള ഗ്രാമപഞ്ചായത്തിന്റെ കൊയ്ത്തുയന്ത്രം ഞങ്ങളുടെ പാടത്തെത്തിക്കാൻ കഴിഞ്ഞത്. മാള കൃഷി ഓഫീസർ ഞങ്ങളോട് പ്രത്യേകം താത്പര്യം കാണിച്ചതുകൊണ്ട് കാര്യങ്ങൾ എളുപ്പമായി. പുത്തൻചിറ കൃഷി ഓഫീസർ ഇതുവരെ ഇവിടേയ്ക്ക് തിരിഞ്ഞുനോക്കിയില്ല. കൊയ്ത്തിന് ശേഷം വൈക്കോൽ പാടത്തുതന്നെ നിക്ഷേപിച്ചു. ഈ കൃഷികൊണ്ട് അതിനുള്ള ധൈര്യം എനിക്ക് കിട്ടി. യന്ത്രക്കൊയ്ത്തിന് ആകെ 10,000 രൂപയായി. ഇത് അരിയാക്കി മാറ്റാൻ എന്റെ നാട്ടിൽ സൗകര്യമില്ല. അതുകൊണ്ട് പാലക്കാട് കൊണ്ടുപോകേണ്ടി വന്നു. രാസവളമോ, കീടനാശിനികളോ ഉപയോഗിക്കാതെ കൃഷിചെയ്തെടുത്ത ഈ പരിപാവനമായ നെല്ല് അരിയാക്കാതെ നെല്ലാക്കിതന്നെ വിറ്റ് പണമാക്കുന്നത് ആത്മഹത്യാപരമായതുകൊണ്ടാണ് അരിയാക്കാൻ പാലക്കാട്ടേക്ക് കയറ്റിയത്. അവിടെയെത്തിക്കുന്നതിന്, പുഴുങ്ങിക്കുത്തി അരിയാക്കുന്നതിന്, തിരിച്ച് പുത്തൻചിറയിൽ എത്തിക്കുന്നതിന്, പതിനായിരം രൂപയോളം ചിലവ് വന്നു. ഈ അരിയുടെ മഹാത്മ്യം അറിയാവുന്ന പലരും ഇതിനകം അരി ബുക്ക് ചെയ്തിരുന്നതുകൊണ്ട് അരി പകുതിയും വരും വഴിക്കുതന്നെ ഇറക്കിക്കൊടുക്കാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം 2400 കിലോ നെല്ല് കിട്ടിയപ്പോൾ ഈ വർഷം അത് മൂവായിരമായി ഉയർന്നുവെന്നതാണ് അനുഭവം. എന്റെ തന്നെ പരിചയക്കുറവുകൊണ്ടും പലതും ചെയ്യേണ്ട സമയത്ത് ചെയ്യാൻ എനിക്ക് കഴിഞ്ഞില്ല. അതുകൊണ്ടാണ് വിളവ് ഈ അളവിൽ നിന്നത്.

രണ്ടായിരത്തി അറുനൂറ് കിലോ നെല്ല് പാലക്കാട് കൊണ്ടുപോയി പുഴുങ്ങിയും ഉണക്കിയും അരിയാക്കിയപ്പോൾ ആയിരത്തി എഴുന്നൂറ് കിലോ അരികിട്ടി. ഈ അരി കിലോ നാൽപ്പത് രൂപ വിലവെച്ച് വിൽക്കുമ്പോൾ എനിക്കെത്ര രൂപ കിട്ടും. എന്റെ ചിലവുകൾ എത്ര? ഞാൻ സെപ്തംബർ മുതൽ ജനുവരി വരെ പാടത്ത് അദ്ധ്വാനിച്ചതിന്റെ മൂല്യമെത്ര? ഇതൊക്കെ ഇന്നത്തെ ജീവിതസാഹചര്യങ്ങളുമായി കൂട്ടിനോക്കുവാൻ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു? കർഷകന്റെ ഉൽപന്നം മാത്രം വിലകുറച്ച് കിട്ടണമെന്നും, മറ്റ് ഉൽപന്നങ്ങൾക്ക് വില എത്ര കൂടിയാലും പ്രശ്നമില്ലെന്നുമുള്ള സാമൂഹ്യകാഴ്ചപ്പാട് മാറാതെ കർഷകനും സമൂഹവും പുരോഗതി പ്രാപിക്കാൻ പോകുന്നില്ല. ഒരു രാജ്യത്തിന്റെ പുരോഗതി ഭക്ഷ്യ സുരക്ഷയാണ് ആദ്യം രക്ഷിക്കേണ്ടത്. കർഷകനെ രക്ഷിക്കാൻ ഒരു രക്ഷകനും വരാൻ പോകുന്നില്ല. കർഷകർ തന്നെ അവരുടെ രക്ഷകരാകണം. കർഷകന്റെ ഉൽപ്പന്നത്തിന് വില നിശ്ചയിക്കാൻ കർഷകൻ തന്നെ പ്രാപ്തനാകണം. രണ്ട് രൂപയ്ക്ക് ഒരു കിലോ അരി റേഷൻ കടയിൽ നിന്ന് കിട്ടുന്ന ഈ കാലഘട്ടത്തിൽ രാസവളവും രാസകീടനാശിനികളുമില്ലാതെ കൃഷിചെയ്തെടുത്തുണ്ടാകുന്ന അരിക്ക് ഒരു കിലോവിന് അമ്പതു രൂപവാങ്ങാനുള്ള തന്റെടം ഭാവിയിൽ ഞാനാർജ്ജിച്ചെടുക്കും.

## മെയ് 22 ഇറോം ശർമ്മിളയ്ക്ക് വേണ്ടി

ഓജസ്.എസ്.വി

**നിങ്ങളിൽ** ചിലർക്കെങ്കിലും എന്നെ അറിയാം. ഞാൻ അവതരിപ്പിച്ചുകൊണ്ടിരുന്ന ലേ മശാലേ എന്ന നാടകം ഇതിനിടെ 15 സംസ്ഥാനങ്ങൾ പിന്നിട്ടു. ഓരോ അവതരണത്തിന് ശേഷവും നടക്കുന്ന തുറന്ന ചർച്ചയിൽ ഉയരുന്ന ചോദ്യം മിക്കവാറും ഇതാണ് – നമുക്കെന്താണ് ചെയ്യാനാവുക? നമ്മുടെയെല്ലാം എതിർപ്പിന് കാരണമായ മണിപ്പൂരിലെ AFSPA (പ്രത്യേക പട്ടാളാധികാര നിയമം) പാർലമെന്റ് പാസാക്കിയിട്ട് ഈ മെയിൽ 52 വർഷമാകുന്നു. അണ്ണാ ഹസാരെയുടെ സത്യാഗ്രഹ സമരത്തിന്റെ വിജയത്തെ തുടർന്ന് പലരും ചോദിക്കുന്നു: എന്തേ ഇറോം ശർമ്മിളയെ ആരും ശ്രദ്ധിക്കുന്നില്ല? കാമ്പയിനെ തുടർന്ന് ഡോ. ബിനായക് സെൻ ജയിൽ മോചിതനാകുമ്പോഴും പലരും ചോദിക്കുന്നു:എന്തേ ഇറോം ശർമ്മിളയെ ആരും ശ്രദ്ധിക്കുന്നില്ല? അഫ്സ്പയ്ക്കെതിരായി ദേശീയ തലത്തിലൊരു കാമ്പയിൻ ആരംഭിക്കാൻ ഇതാണ് പറ്റിയ സമയമെന്ന് ഞാൻ കരുതുന്നു. മെയ് 22 അതിന് പറ്റിയ ദിവസം. 1958 മെയ് 22നാണ് പാർലമെന്റ് ഈ കരിനിയമം പാസാക്കിയത്. നിങ്ങളുടെ പ്രദേശത്ത്, സ്വന്തം നിലയിൽ എന്തെങ്കിലും ചെയ്യാനാവില്ലേ?

## വിവാഹമംഗളാശംസകൾ

മെയ് 23ന് വിവാഹിതരാകുന്ന
**കെ.എസ്. പ്രമോദിനും നിത്യയ്ക്കും**
കേരളീയം പ്രവർത്തകരുടെ
ആശംസകൾ